**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5962** **08.07.2013 ൽ മറുപടിയ്ക്ക്.**

**സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ചേർത്തല മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ഈ സർക്കാരിന്റെ കാലയളവിൽ ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്നും അതിന് ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കമോ ; സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ ജോലികൾ എന്നൊക്കെയാണ് ടെണ്ടർ ചെയ്തിരുന്നതെന്നും പ്രസ്തുത ജോലികൾ ചെയ്ത കരാറുകാർ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കമോ ; | (എ) ഈ സർക്കാരിന്റെ കാലയളവിൽ ചേർത്തല നിയോജക മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 10 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 65.21447 ലക്ഷം രൂപ ചെലവഴിച്ച നടപ്പിലാക്കിയ ഈ പദ്ധതി ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ടെണ്ടർ വിളിച്ചുള്ള പണികൾ ചെയ്തിട്ടുള്ളത്. |
| (ബി) 2013-2014 സാമ്പത്തിക വർഷം ചേർത്തല മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന ജോലികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കമോ ; ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത് ആരെല്ലാമാണെന്നും പ്രസ്തുത ജോലികളുടെ പുരോഗതി എവിടെ വരെയായെന്നും വ്യക്തമാക്കമോ ? | (ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചേർത്തല മണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷം 11 കുളങ്ങളുടെ നവീകരണമാണ് ലക്ഷ്യമിടുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ തണ്ണീർമുക്കം, മാരാരിക്കുളം നോർത്ത്, ചേർത്തല സൗത്ത്, വയലാർ, പട്ടണക്കാട് എന്നീ പഞ്ചായത്തുകളിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.